# പ്രധാന

1. 2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.

President Draupadi Murmu will confer the 2026 Padma awards to 65 more people in New Delhi today.

2. അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥ മാത്രമല്ല വിശ്വാസ യോഗ്യമായ രാഷ്ട്രം എന്ന നിലയിലും ഇന്ത്യ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

Prime Minister Narendra Modi says that India is not only a fast-growing economy but also a trustworthy nation

3. 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള ചർച്ച കേരള നിയമസഭയിൽ പുരോഗമിക്കുന്നു. അടിയന്തര പ്രമേയ നോട്ടീസ് നിഷേധിച്ചതിനെ തുടർന്ന് സഭയിൽ പ്രതിപക്ഷ ബഹളം.

The discussion on the revised state budget for the financial year 2026-27 is progressing in the Kerala Assembly. Opposition protest erupts in the House following the denial of notice for an adjournment motion.

4. **ഇസ്രായേൽ - ലെബനൻ സമാധാന ചർച്ചകൾക്ക് അമേരിക്കയിൽ തുടക്കമായി.മേഖലയിൽ സുസ്ഥിര സമാധാനം ഉറപ്പാക്കാനാണ് യു.എസിന്റെ നേതൃത്വത്തിൽ ചർച്ച.**

Israel-Lebanon peace talks have begun in the United States. The talks are being led by the US to ensure sustainable peace in the region.

5. **കേന്ദ്ര മന്ത്രി മൻസൂഖ് മാണ്ഡവ്യ തിരുവനന്തപുരത്ത്, ജില്ലയിൽ വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.**

Union Minister Mansukh Mandaviya arrives in Thiruvananthapuram; he will participate in various events in the district.

6. **ലോകകപ്പ് ഫുഡ്ബോളിൽ ഇന്ന് പോർച്ച്യുഗൽ - ഉസ്ബെക്കിസ്ഥാൻ പോരാട്ടം.** FIH **പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ഇന്ന് ഇന്ത്യ  പാകിസ്ഥാനെ നേരിടും.**

Portugal-Uzbekistan clash today in the World Cup football. India will face Pakistan today in the FIH Pro League men's hockey.

&&&&&&&&&&&&&&&&&

**HEADLINE-2**

NEW PM -REPUBLIC SUMMIT (INTRO)

***അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥ മാത്രമല്ല വിശ്വാസ യോഗ്യമായ രാഷ്ട്രം എന്ന നിലയിലും ഇന്ത്യ മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ ദശകത്തിൽ ഗതാഗത - കണക്റ്റിവിറ്റി അടിസ്ഥാന സൗകര്യങ്ങളിലുണ്ടായ ഗണ്യമായ വികാസം രാജ്യത്തെ സമസ്ത മേഖലയെയും ത്വരിതപ്പെടുത്തിയതായി അദ്ദേഹം പറഞ്ഞു. റോഡ് , ഹൈവേകൾ, ജലപാതകൾ വിമാനത്താവളങ്ങൾ എന്നിവ മികച്ച വളർച്ചയാണ് കൈവരിച്ചതെന്നും പ്രധാനമന്ത്രി . (വോയിസ് - പി.എം)***

&&&&&&&&&&&&&&&&&

SHAH-PORTAL LAUNCH

നാഷണൽ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ലേല പോർട്ടൽ കേന്ദ്ര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. ലേല നടപടികളിലെ സുതാര്യതയും കാര്യക്ഷമതയും ശക്തിപ്പെടുത്തുന്നതിനാണ് പുതിയ പോർട്ടൽ ലക്ഷ്യമിടുന്നതെന്ന് അമിത് ഷാ ചൂണ്ടിക്കാട്ടി. ചടങ്ങിൽ, പ്രധാന ഡിജിറ്റൽ, ജനക്ഷേമ പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിയ്ക്കും.

&&&&&&&&&&&&&&&&&

**HEADLINE-3**

ASSEMBLY KERALAM

അടിയന്തര പ്രമേയ നോട്ടീസ് നിഷേധിച്ചതിനെ തുടർന്ന് നിയമസഭയിൽ പ്രതിപക്ഷ ബഹളം. ബജറ്റിൽ വീര്യം കുറഞ്ഞ മദ്യങ്ങളുടെ നികുതി കുറച്ച സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് കെ എൻ ബാലഗോപാലാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. എന്നാൽ ബജറ്റ് ചർച്ചക്കുള്ളിലെ വിഷയത്തിൽ അടിയന്തര പ്രമേയ നോട്ടീസ് അനുവദിക്കാനാകില്ലെന്ന് വ്യക്തമാക്കിയ സ്പീക്കർ, വിഷയം സബ്മിഷനായി അവതരിപ്പിക്കാമെന്ന് അറിയിച്ചു. എന്നാൽ ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം മുദ്രാവാക്യങ്ങളുമായി നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുകയായിരുന്നു. വീര്യം കുറഞ്ഞ മദ്യം സോഫ്റ്റ് ഡ്രിങ്ക് പോലെ വ്യാപകമാക്കാൻ ശ്രമിക്കുന്നത് വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്നു പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള ചർച്ച നിയമസഭയിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&

**HEADLINE-5**

FUN RUN-MANSUKH MANDAVYA

വികസിത രാഷ്ട്രത്തിലേക്കുള്ള യാത്രയിൽ സൈക്ലിംഗിന് വലിയ പങ്കുണ്ടെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ആരോഗ്യകരമായ ജീവിതശൈലി സാധ്യമാക്കുന്നതിലുപരി, മലിനീകരണം നിയന്ത്രിക്കാനും, ട്രാഫിക് പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഇന്ധനം ലാഭിക്കാനുമെല്ലാം സൈക്ലിംഗ് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു . ഫിറ്റ് ഇന്ത്യ മൂവ്മെൻ്റിൻ്റെ ഭാഗമായി സ്പോർട്സ് അതോറിറ്റി തിരുവനന്തപുരത്ത് ചാക്ക ഐ.ടി.ഐ മുതൽ ശം ുമു ം ബീച്ച് വരെ നടത്തിയ സൈക്ലിംഗ്

പരിപാടിയായ 'സൈക്ലിംഗ് ബൈ ദ സീ' അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു. മൈലത്തെ ജി.വി. രാജാ സ്പോർട്സ് സ്കൂളും ശ്രീ.മാണ്ഡവ്യ ഇന്ന് സന്ദർശിക്കും. തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ഐച്ചി-നഗോയ ഏഷ്യൻ ഗെയിംസ് ഫൺ റൺ' പരിപാടിയിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&

SHIGELLA-NIPAH

കേരളത്തിൽ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ രൂപീകരിച്ച ഉന്നതാധികാര കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് മന്ത്രി കെ.മുരളീധരന് സമർപ്പിച്ചു. റിപ്പോർട്ട് വിശദമായി പരിശോധിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ഇന്നലെ 10 പേർക്ക് ഷിഗെല്ല സ്ഥിരീകരിച്ചിരുന്നു.

&&&&&&&&&&&&&&&&&

RAMESH CHENNITHALA

ഓപ്പറേഷൻ തൂഫാനിലൂടെ ലഹരി മരുന്ന് ഉപയോഗത്തിനും വ്യാപനത്തിനുമെതിരെ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. നിയമസഭയിൽ ചോദ്യോത്തരവേളയിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഈ മാസം 2 മുതൽ 17 വരെ 2954 കേസുകളാണ് രജിസ്റ്റർ ചെയ്തത്. 3176 പേരെ ഇതിനകം അറസ്റ്റ് ചെയ്തതായും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&

CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് വിവരങ്ങൾ സമർപ്പിക്കാം.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**HEADLINE-1**

PADMA AWARDS VC (INTRO)

***2026ലെ പത്മ പുരസ്കാരങ്ങളുടെ രണ്ടാം ഘട്ട വിതരണം ഇന്ന് രാഷ്ട്രപതി ഭവനിൽ നടക്കും. പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ എന്നീ വിഭാഗങ്ങളിലായി 65 പേർക്ക് ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പുരസ്കാരങ്ങൾ സമ്മാനിക്കും.***

***ഒരു റിപ്പോർട്ട്...***

*(VO)*

***-ഈ വർഷം സർക്കാർ ആകെ 131 പത്മ അവാർഡുകളാണ് പ്രഖ്യാപിച്ചത് ഇതിൽ അഞ്ച് പത്മവിഭൂഷൺ, 13***

*പത്മഭൂഷൺ, 113 പത്മശ്രീ അവാർഡുകൾ എന്നിവ ഉൾപ്പെടുന്നു. അവാർഡ് ജേതാക്കളിൽ 19 പേർ സ്ത്രീകളാണ്. കേരളത്തിൽ നിന്നുള്ള ജസ്റ്റിസ് കെ.ടി തോമസ് , മുതിർന്ന മാധ്യമ പ്രവർത്തകനായ പി. നാരായണൻ എന്നിവർക്ക് പത്മ വിഭൂഷണും, നടൻ മമ്മൂട്ടി,വെള്ളാപ്പള്ളി നടേശൻ എന്നിവർക്ക് പത്മ ഭൂഷണും , നർത്തകി കലാമണ്ഡലം വിമലമേനോന് പത്മശ്രീയും, രാഷ്ട്രപതി സമ്മാനിക്കും. 16 പേർക്ക് മരണാനന്തര ബഹുമതിയായി പുരസ്കാരം സമർപ്പിക്കും . 1954-ൽ സ്ഥാപിതമായ പത്മ അവാർഡുകൾ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചാണ് പ്രഖ്യാപിക്കുന്നത്. കല, സാഹിത്യം, വിദ്യാഭ്യാസം, കായികം, വൈദ്യശാസ്ത്രം, സാമൂഹിക പ്രവർത്തനം, ശാസ്ത്രം, എഞ്ചിനീയറിംഗ്, പൊതുകാര്യങ്ങൾ, വ്യാപാരം, വ്യവസായം തുടങ്ങി വിവിധ മേഖലകളിലെ അസാധാരണമായ നേട്ടങ്ങൾക്കാണ് പുരസ്കാരം നൽകുന്നത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&&

**HEADLINE-4**

US ISRAEL-LABANON TALKS

ഇസ്രായേൽ - ലെബനൻ സമാധാന ചർച്ചകൾക്ക് അമേരിക്കയിൽ തുടക്കമായി. ഇരുരാജ്യങ്ങളും തമ്മിലുള്ള താല്ക്കാലിക വെടിനിർത്തൽ കൂടുതൽ ശക്തമാക്കാനും മേ ലയിൽ സുസ്ഥിര സമാധാനം ഉറപ്പാക്കാനുമാണ് യു.എസിന്റെ നേതൃത്വത്തിൽ ചർച്ചകൾ പുരോഗമിക്കുന്നത്. ചർച്ചകൾക്ക് മുന്നോടിയായി യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായും ലെബനൻ പ്രസിഡന്റ് ജോസഫ് ഔനുമായും സംസാരിച്ച് സാഹചര്യം

വിലയിരുത്തിയിരുന്നു. മേ ലയിൽ വീണ്ടുമൊരു യുദ്ധസാഹചര്യം ഒഴിവാക്കാനുള്ള യു.എസിന്റെ നയതന്ത്ര നീക്കത്തിന്റെ ഭാഗമായാണ് കൂടിക്കാഴ്ച.

&&&&&&&&&&&&&&&&&

VP- PM- SYAMA MUKHERJEE

ഡോ. ശ്യാമപ്രസാദ് മു ർജിയുടെ രക്തസാക്ഷിത്വ ദിനത്തിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. ദീർഘവീക്ഷണമുള്ള നേതാവും മികച്ച ഒരു വിദ്യാഭ്യാസ വിദഗ്ദ്ധനുമായിരുന്നു ശ്യാമപ്രസാദ് മു ർജിയെന്ന് ഉപരാഷ്ട്രപതി അനുസ്മരിച്ചു. ദേശീയ താല്പര്യങ്ങളോടുള്ള അദ്ദേഹത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധത രാജ്യം എക്കാലവും സ്മരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

**HEADLINE-6**

FIFA

ഫിഫ ലോകകപ്പിൽ ഇന്ന് പോർച്ചുഗൽ -ഉസ്ബെക്കിസ്ഥാൻ പോരാട്ടം. രാത്രി 10.30 നാണു മത്സരം. ഇന്ന് പുലർച്ചെ നടന്ന മത്സരത്തിൽ ഇറാ ിനെ എതിരില്ലാത്ത മൂന്നു ഗോളുകൾക്ക് ഫ്രാൻസ് പരാജയപ്പെടുത്തി. ഇന്നലെ നടന്ന അർജൻറീന - ഓസ്ട്രിയ മത്സരത്തിൽ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് അർജന്റീന ജയിച്ചു. ലയണൽ മെസ്സിയാണ് രണ്ടു ഗോളുകളും നേടിയത്.

&&&&&&&&&&&&&&&&&

INDIA FIH PRO

FIH പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ഇന്ന് ഇന്ത്യ പാകിസ്ഥാനെ നേരിടും. 2024 ൽ ചൈനയിൽ നടന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി മത്സരത്തിനുശേഷം ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള മത്സരമാണിത്.

&&&&&&&&&&&&&&&&&

RAIN-KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്. കേരളം -കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&

KURIAN - RESIGN

കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ മന്ത്രിസഭയിൽ നിന്നും രാജിവെച്ചു. രാജ്യസഭാ കാലാവധി കഴിഞ്ഞതിനെ തുടർന്നാണ് രാജി. രാഷ്ട്രപതി ദ്രൗപദി മുർമു അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചു. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെയും ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസന മന്ത്രാലയത്തിന്റെയും ചുമതലയുള്ള കേന്ദ്ര സഹമന്ത്രിയായിരുന്നു ശ്രീ ജോർജ്ജ് കുര്യൻ .

&&&&&&&&&&&&&&&&&

MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ

റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 26 വരെ MY GOV, NaMo App, 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെ അറിയിക്കാം

&&&&&&&&&&&&&&&&&

SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 75 പോയിന്റ് ഉയർന്നു 77,167 ലും , നിഫ്റ്റി 26 പോയിന്റ് നേട്ടത്തിൽ 24,129 ലും വ്യാപാരം തുടരുന്നു.
സ്വർണ വില കുറഞ്ഞു. പവന് 1,520 രൂപ താഴ്ന്ന് ഒരു ലക്ഷത്തി ഏഴായിരം രൂപയും, ഗ്രാമിന് 13,375 രൂപയുമാണ് ഇന്നത്തെ വില .

&&&&&&&&&&&&&&&&&

CBSE

സിബിഎസ്ഇ പരീക്ഷയുടെ പുനർമൂല്യനിർണ്ണയ ഫലം പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇതുവരെയും മാർക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയാതിരുന്നവർക്ക് ഇന്ന് രാത്രി 11.59 വരെ സമർപ്പിക്കാം. യോഗ്യതാ പരീക്ഷയ്ക്ക് നേടിയ മാർക്കുകൾ പരിശോധിക്കുന്നതിനും അവസരമുണ്ട്.കൂടുതൽ
വിവരങ്ങൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

&&&&&&&&&&&&&&&
&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&